## പതിനാലാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1547      06-03-2020 ൽ മറുപടിയ്ക്ക്

### കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ട് പ്രകാരം കേരളത്തിൽ പ്രവർത്തിക്കുന്ന മദ്രസ്സകളുടെ എണ്ണം എത്ര; മദ്രസ്സാദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2019 ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ട് പ്രകാരം 2020 ഫെബ്രുവരി വരെ 22,740 മദ്രസ്സാദ്ധ്യാപകർക്ക് അംഗത്വം നൽകിയിട്ടുണ്ട്. കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെയും മദ്രസ്സകളുടെയും ആകെ വിവരം ലഭ്യമല്ല. |
| (ബി) | മദ്രസ്സാദ്ധ്യാപകർക്ക് ഒരു മാസം ശമ്പള ഇനത്തിനും പെൻഷൻ ഇനത്തിലും എത്ര രൂപ വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; ആകെ ഒരു മാസം എത്ര രൂപയുടെ ചെലവ് വരുമെന്നറിയിക്കുമോ; | (ബി) | മദ്രസ്സാദ്ധ്യാപകർക്ക് ശമ്പളം നിശ്ചയിക്കുന്നതും നൽകുന്നതും സർക്കാരല്ല; ബന്ധപ്പെട്ട മദ്രസ്സാമാനേജ്മെന്റ് കമ്മിറ്റികളാണ്. |
| (സി) | ക്ഷേമനിധിയിലേയ്ക്ക് സർക്കാരിന്റെ വാർഷിക സംഭാവന/ഗ്രാന്റ് എത്ര രൂപയാണെന്ന് അറിയിക്കാമോ? | (സി) | സർക്കാർ ഗ്രാന്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ